**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **05-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷിനാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിക്കുന്നത് നിമിത്തം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വകുപ്പിന് എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | **കൃഷി വകുപ്പ്, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അംഗങ്ങളായ കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്ക് പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി വന്യമൃഗ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകിവരുന്നു. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.** |
| (ബി) | വനം വകുപ്പിൽ നിന്നുള്ള നഷ്ടപരിഹാരം ലഭിക്കുവാൻ ഹാജരാക്കുന്ന അപേക്ഷയോടൊപ്പം കൃഷി ഭവനിൽ നിന്ന് കർഷകർക്ക് നൽകുന്ന സാക്ഷ്യപത്രത്തിൽ എത്ര രൂപയുടെ കാർഷിക വിളനഷ്ടം ആണെന്ന് രേഖപ്പെടുത്താറുണ്ടോ; | (ബി) | കൃഷി ഓഫീസർ ഹാജരാക്കുന്ന സാക്ഷ്യപത്രത്തിൽ വിള നഷ്ടത്തിന്റെ തുക രേഖപ്പെടുത്താറില്ല. നഷ്ടപ്പെട്ട വിളയുടെ വിസ്തൃതി, എണ്ണം എന്നിവ മാത്രമാണ് നൽകുന്നത്. |
| (സി) | ഓരോ വിളയ്ക്കുമുള്ള നഷ്ടം കണക്കാക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദമാക്കുമോ? | (സി) | വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015ലെ സ.ഉ.(കൈ)നം.2/2015/വനം എന്ന ഉത്തരവ് പ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകി വരുന്നു. ടി ഉത്തരവ് പ്രകാരം 27ഇനം കാർഷിക വിളകൾക്കാണ് നഷ്ടപരിഹാരം നൽകുന്നത്. 05.04.2018ലെ സ.ഉ.(കൈ)<br><br>നം.17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ആണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണ വരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷിനാശം ഉണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ